## പതിമൂന്നാം കേരള നിയമസഭ - നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:160 | 22/03/2012 - ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. ശർമ്മ :<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): :<br>ശ്രീ. കെ. ദാസൻ:<br>ശ്രീ. കെ.വി അബ്ദുൾ ഖാദർ: | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |

;

| | |
|---|---|
| (എ) ദേശീയ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നുണ്ടോ; | (എ) ദേശീയമത്സ്യത്തൊഴിലാളി ക്ഷേമനിധി മുഖേനയുള്ള ഭവന നിർമ്മാണ പദ്ധതി നിലവിലുണ്ട്. 50% കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. ഇതു പ്രകാരം ഒരു ഗുണഭോക്താവിനു 50,000 രൂപയാണ് ഭവനനിർമ്മാണ ഗ്രാന്റായി നൽകുന്നത്. കേരളത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് ഈ തുക രണ്ടു ഗഡുക്കളായി 25,000 രൂപ വീതം നൽകുന്നു. രണ്ട് വർഷമായിട്ടാണ് പദ്ധതി നടപ്പാക്കുന്നത്. ഒന്നാം വർഷം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും ആദ്യ ഗഡുവായി 25,000 രൂപ നൽകുകയും ചെയ്യുന്നു. ഒന്നാമത്തെ സ്റ്റേജ് |

പൂർത്തിയാകുന്ന മുറയ്ക്ക് രണ്ടാം വർഷം രണ്ടാമത്തെ ഗഡുവായി 25,000 രൂപ നൽകുന്നു. ഓരോ വർഷവും മുൻവർഷത്തെ പദ്ധതിയും തൻവർഷത്തെ പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഇതിനായി ഈ വർഷം (2011-12) സംസ്ഥാനത്ത് അപേക്ഷ ക്ഷണിക്കുകയുണ്ടായോ; ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (ബി) | ദേശീയ ഭവനനിർമ്മാണ പദ്ധതിയിൽ അപേക്ഷ ക്ഷണിച്ചിട്ടില്ല.എന്നാൽ കേരള സർക്കാരിന്റെ പ്രത്യേക ഭവന നിർമ്മാണ പദ്ധതിയിലേയ്ക്ക് (വീടൊന്നിന് രണ്ടു ലക്ഷം രൂപ) അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. |
| (സി) | കേന്ദ്ര കൃഷി വകുപ്പിലേക്ക് സംസ്ഥാനം ഇക്കാര്യത്തിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എപ്പോൾ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ; | (സി) | കേരളത്തിൽ 2010-11 സാമ്പത്തിക വർഷത്തെ ഭവന നിർമ്മാണ പദ്ധതി പ്രകാരം 1500 ഗുണഭോക്താക്കൾക്കു ഭവനനിർമ്മാണത്തിനായി 2010-11 വർഷം ആദ്യ ഗഡുവായി 375 ലക്ഷം രൂപ ജില്ലകൾക്ക് അനുവദിച്ചു നൽകുകയും 1500 വീടുകൾക്ക് 50,000 രൂപ നിരക്കിൽ 750 ലക്ഷം രൂപയുടെ 50% തുകയായ 375 ലക്ഷം കേന്ദ്ര സഹായമായി ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിനു പ്രൊപ്പോസൽ നൽകുകയും ചെയ്തു. ആദ്യ ഗഡുവായി കേന്ദ്ര സർക്കാർ 50 ലക്ഷം രൂപയാണ് |

അനുവദിച്ചു തന്നത്. കേന്ദ്ര സർക്കാർ പരമാവധി 750 വീടുകൾക്കു മാത്രമേ കേന്ദ്രവിഹിതം അനുവദിച്ചു തരികയുള്ളൂ എന്ന് മുമ്പ് അറിയിച്ചിട്ടുണ്ട്. 750 വീടുകൾക്ക് കേന്ദ്രസഹായമായി ലഭിക്കേണ്ടതു 187.50 ലക്ഷം രൂപയാണ്. 50 ലക്ഷം രൂപ കഴിച്ച് ഇനി ലഭിക്കാനുള്ളത് 137.50 ലക്ഷം രൂപയാണ്. ബാക്കിത്തുക അനുവദിക്കുന്നതിനായി 50 ലക്ഷം രൂപയുടെ ധനവിനിയോഗ സർട്ടിഫിക്കറ്റും പദ്ധതിയുടെ പുരോഗതി റിപ്പോർട്ടും കേന്ദ്രസർക്കാരിനു നൽകിയിട്ടുണ്ട്.

50,000 രൂപ കൊണ്ട് ഭവന നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്ത അവസ്ഥയാണ് കേരളത്തിലുള്ളത്. ആയതിനാൽ ഈ പദ്ധതിയിൽ മത്സ്യത്തൊഴിലാളികൾക്ക് താല്പര്യം കുറഞ്ഞു വരികയാണ്. 2010-11-ലെ ആദ്യഗഡുവായി 1500 പേർക്ക് ഒന്നാം ഗഡു നൽകിയെങ്കിലും 1479 പേർ മാത്രമാണ് ഒന്നാം ഗഡു തുക കൈപ്പറ്റിയത്.

സംസ്ഥാനത്തെ മറ്റു ഭവന നിർമ്മാണ പദ്ധതികളിൽ രണ്ടു ലക്ഷം രൂപവരെ നൽകുന്നതിനാൽ ദേശീയ ഭവനനിർമ്മാണപദ്ധതിയിൽ മത്സ്യത്തൊഴിലാളികൾക്കു താല്പര്യം കുറഞ്ഞുവരികയാണെ

ന്നും തുക വർദ്ധിപ്പിക്കേണ്ടതുണ്ടെ ന്നും കഴിഞ്ഞ വർഷം റിപ്പോർട്ടു ചെയ്യുകയുണ്ടായി. കേന്ദ്രസെക്രട്ടറി കേരളം സന്ദർശിച്ചപ്പോൾ ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തുകയുമുണ്ടായി. എന്നാൽ ദേശീയ ഭവന നിർമ്മാണ പദ്ധതിയിൽ കേരളത്തിന് മാത്രമായി തുക വർദ്ധിപ്പിക്കാൻ കഴിയില്ല എന്ന് അഭിപ്രായമാണുണ്ടായത്. കേന്ദ്രാ വിഷ്കൃത പദ്ധതിയായതിനാൽ കേരള സർക്കാരിനും തുക വർദ്ധിപ്പിക്കുവാൻ കഴിയുന്നില്ല. ഇതിനു പോംവഴിയായി മറ്റൊരു ഭവന പദ്ധതി ബജറ്റിൽ ഉൾപ്പെടു ത്തുകയുണ്ടായി.

2011-12 വർഷം 300 ലക്ഷം രൂപ മാത്രമാണ് ബജറ്റിൽ ദേശീയ ഭവന നിർമ്മാണത്തിനായി വകയിരുത്തി യത് (2009-10-ലെ രണ്ടാം ഗഡു നൽകുന്നതിനും 2010-11-ലെ ഒന്നാം ഗഡു നൽകുന്നതിനുമായി 2010-11 വർഷം 700 ലക്ഷം രൂപയാണ് ബജറ്റിൽ വകയിരുത്തിയിരുന്നത്). ഈ തുക 2010-11 വർഷത്തിലെ ഭവന നിർമ്മാണ പദ്ധതിയുടെ രണ്ടാ മത്തെ ഗഡുവായി ജില്ലകൾക്കനു വദിച്ച് നൽകുകയുണ്ടായി. 2011-12 വർഷത്തെ പുതിയ ഭവന നിർമ്മാ ണപദ്ധതിയ്ക്ക് വകയിരുത്തലില്ലായി രുന്നു. 25,000 രൂപകൊണ്ട്

ഒന്നാമത്തെ സ്റ്റേജ് പൂർത്തിയാക്കാൻ കഴിയാത്തതുകൊണ്ട് ഗുണഭോക്താക്കൾക്ക് 2-ാംമത്തെ ഗഡു കൈപ്പറ്റാൻ കഴിയാത്ത അവസ്ഥയുണ്ട്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി മത്സ്യത്തൊഴിലാളികൾക്ക് സംസ്ഥാന സർക്കാരിന്റെ പുതിയ ഭവന നിർമ്മാണ പദ്ധതി ഈ വർഷം നിയമസഭയിൽ പ്രഖ്യാപിക്കുകയുണ്ടായി. ഈ പദ്ധതിയ്ക്ക് GO (Rt) 177/2012/F&PD dated12/03/2012 പ്രകാരം വീടൊന്നിന് 2 ലക്ഷം രൂപ വീതം 10 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. വർഷാവസാനമായതിനാൽ തുക അടുത്ത സാമ്പത്തിക വർഷം 2405-00-800-08 എന്ന ശീർഷകത്തിൽ അനുവദിക്കുമെന്നാണ് ഉത്തരവായിരിക്കുന്നത്. ജില്ലകളിൽ ഭവന നിർമ്മാണത്തിന് അപേക്ഷകൾ ക്ഷണിക്കുകയും ലഭിച്ച അപേക്ഷകൾ പരിശോധിച്ചു വരികയുമാണ്. അടുത്ത സാമ്പത്തിക വർഷാരംഭത്തിൽ തന്നെ ഒന്നാം ഗഡു വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

500 വീടുകൾക്കു 2 ലക്ഷം രൂപ നിരക്കിൽ ഭരണാനുമതിയുള്ളതിനാൽ, കേന്ദ്രസഹായമായി 500

| | | |
|---|---|---|
| | | വീടുകൾക്ക് 25,000 രൂപ വീതം മൊത്തം 125 ലക്ഷം കേന്ദ്ര സഹായമായി ലഭിക്കുന്നതിന് അർഹതയുണ്ട്. ഇതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് ഉടൻ നൽകുന്നതാണ്. |
| (ഡി) | ഭവനമില്ലാത്ത എത്ര മത്സ്യത്തൊഴിലാളികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) ഏകദേശം 30,000 മത്സ്യത്തൊഴിലാളികൾ ഭവനരഹിതരാണ്. |

സെക്ഷൻ ഓഫീസർ